**പതിമൂന്നാം കേരള നിയമസഭ**

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 384 — 03.02.2014 -ൽ മറുപടിയ്ക്ക്

**<u>ഗുണ നിലവാരം കുറഞ്ഞതും നിരോധിച്ചതുമായ മരുന്നുകളുടെ വിപണനം</u>**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീമതി പി. അയിഷാ പോറ്റി<br>ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. സി. കൃഷ്ണൻ | | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| എ) | ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പ്രവർത്തനം പരിശോധിക്കാറുണ്ടോ വിശദമാക്കുമോ; | ഉണ്ട്. കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യ, ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ 2008-2009 മുതൽ 2011-12 വരെയുള്ള കാലഘട്ടത്തിലെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമായ പരിശോധന നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ട്. |
| ബി) | ഗുണ നിലവാരം കുറഞ്ഞതും നിരോധിച്ചതുമായ മരുന്നുകളുടെ വിപണനം തടയുന്നതിൽ വകുപ്പ് പരാജയപ്പെട്ടുവെന്ന എ.ജി യുടെ നിരീക്ഷണത്തെ തുടർന്ന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്കായി നിലവിലുള്ള തിരുവനന്തപുരത്തെ ഔഷധ പരിശോധനാ ലബോറട്ടറിയ്ക്ക് പുറമെ എറണാകുളത്ത് ഒരു മേഖലാ ഔഷധ ഗുണ പരിശോധന ലാബോറട്ടറികൂടി അത്യാധുനിക സംവിധാനങ്ങളോടെ കഴിഞ്ഞ വർഷം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അതനുസരിച്ച് വിപണിയിലുള്ള 10% എങ്കിലും മരുന്നുകൾ ഗുണ നിലവാര പരിശോധനയ്ക്ക് വിധേയമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. നിരോധിത മരുന്നുകളുടെ വിപണനം തടയുന്നതിനായി 2012 സെപ്റ്റംബർ മാസം മുതൽ എസ്. എം. എസ് സംവിധാനം വഴി പ്രസ്തുത മരുന്നുകളുടെ വിവരം വിപണനസ്ഥാപനങ്ങളെയും ആശുപത്രികളെയും പരിശോധനാ ഉദ്യോഗസ്ഥന്മാരെയും അറിയിച്ച് പഴുതില്ലാത്ത നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ വകുപ്പ് സ്വീകരിച്ചുവരുന്നു. കൂടാതെ നിരോധിക്കപ്പെട്ട മരുന്നുകൾ സംസ്ഥാനത്തെ മൊത്ത വ്യാപാര സ്ഥാപനങ്ങളിൽ എത്തുമ്പോൾ തന്നെ പരിശോധന നടത്തി തുടർ വിൽപ്പന തടയുന്നതിന് വകുപ്പിലെ ഇന്റലിജൻസ് വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഗുണ നിലവാരം കുറഞ്ഞതും നിരോധിച്ചതുമായ മരുന്നുകളുടെ വിവരം പൊതുജനങ്ങളുടെ അറിവിലേയ്ക്കായി വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. |
| സി) | ലൈസൻസ് പോലുമില്ലാതെ മരുന്നു വിപണനം നടത്തുന്നത് തടയാൻ പഴുതടച്ച സംവിധാനമില്ലെന്ന് ഡ്രഗ്സ് കൺട്രോളർ എ.ജി യെ അറിയിക്കുകയുണ്ടായോ; എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) എറണാകുളം ജില്ലയിലെ നാല് മരുന്ന് വിപണന സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്നതായി എജി യുടെ അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു. പ്രസ്തുത സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്ന അധികാര പരിധിയിൽ മതിയായ അന്വേഷണ ഉദ്യോഗസ്ഥരില്ലാത്തതിനാൽ മറ്റ് ഉദ്യോഗസ്ഥർക്ക് അധികചുമതല നൽകിയിരുന്നു. ഈ സാഹചര്യത്തിൽ |

| | | |
|---|---|---|
| | | ലൈസൻസ് പുതുക്കാതെ മരുന്ന വിപണനം നടത്തുന്നത് തടയാൻ (ഡ്രഗ്സ് ഇൻസ്പെക്ടർമാരുടെ കുറവുമൂലവും മറ്റും ) മതിയായ സംവിധാനമില്ലെന്ന് ഡ്രഗ്സ് കൺട്രോളർ എ.ജി യെ അറിയിക്കുകയുണ്ടായി. എന്നാൽ നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ ( NIC) യുടെ സഹകരണത്തോടെ ആരംഭിച്ച XLN സോഫ്റ്റ്വെയർ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങളിലൂടെ ഇപ്പോൾ ഇതിന് ഒരു പരിധി വരെ പരിഹാരം കാണാൻ വകുപ്പിന് സാധിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തുള്ള എല്ലാ ഔഷധ വ്യാപാരികളെയും സ്ഥാപനങ്ങളെയും ഡ്രഗ്സ് ലൈസൻസ് സംവിധാനത്തിൽ പ്രവർത്തിക്കുന്നതിന് അടിയന്തിരമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതനുസരിച്ച് 2012 ആഗസ്റ്റ് മാസം മുതൽ ലൈസൻസ് സംവിധാനം കമ്പ്യൂട്ടർവൽക്കരിക്കുകയും നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (NIC) യുടെ സഹകരണത്തോടെ ഇതിനായി XLN സോഫ്റ്റ്വെയർ ഉപയോഗിച്ച് പുതിയ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സംവിധാനം വഴി ഔഷധ വിതരണക്കാർക്കും വ്യാപാരികൾക്കും പ്രത്യേക ഐ.ഡി നമ്പരും പാസ് വേഡും നൽകി ലൈസൻസിന്റെ പൂർണ്ണ വിവരങ്ങൾ ലഭ്യമാക്കി കുറ്റമറ്റ രീതിയിലുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ലൈസൻസിംഗ് സമ്പ്രദായം ഓൺലൈൻ ആക്കുന്നതിനായിട്ടുള്ള നടപടികൾ പുരോഗമിക്കുന്നു. മരുന്ന് വിപണനം നിയമ പ്രകാരം നടത്തുന്നു എന്ന് ഉറപ്പു വരുത്തുന്നതിനായി വർഷത്തിലൊരിക്കൽ പരിശോധന കർശനമാക്കാനും അതിന് മേൽനോട്ടം വഹിക്കുന്നതിന് മേഖല ഡ്രഗ്സ് ഇൻസ്പെക്ടർമാർക്ക് കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള സംവിധാനം വഴി ലൈസൻസില്ലാത്ത സ്ഥാപനങ്ങളെ അടിയന്തിരമായി കണ്ടെത്തി നിയമനടപടികൾ ഉൾപ്പെടെ തുടർ നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ